# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2566 — 12.03.2020 ൽ മറുപടിയ്ക്ക്

## ലൈസൻസ് പുതുക്കി നൽകിയ ബാറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എം.ഷാജി | | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | മുൻസർക്കാർ ബാറുകൾ നിർത്തലാക്കിയത് കാരണം എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായി എന്നതിന്റെ കണക്ക് വെളിപ്പെടുത്തുമോ; | (എ) | അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 361 പേർക്കും, എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 6749 പേർക്കും തൊഴിൽ നഷ്ടമായിരുന്നു. |
| (ബി) | എത്ര ബാറുകളാണ് മുൻ സർക്കാർ ലൈസൻസ് പുതുക്കി നൽകാതെ അടച്ചുപൂട്ടിയതെന്ന് വ്യക്തമാക്കുമോ; | (ബി) | 712 ബാറുകൾ അടച്ചുപൂട്ടിയിരുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) യും (ഡി) യും (ഇ) യും | 404 ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകി. കൂടാതെ 170 ഹോട്ടലുകൾക്ക് പുതുതായി ലൈസൻസ് നൽകിയിട്ടുണ്ട്.<br>ബാറുകൾക്ക് ലൈസൻസ് നൽകിയതിലൂടെ സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ എണ്ണം കണക്കാക്കിയിട്ടില്ല. തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ പുനരധിവാസത്തിനായി ഈ സർക്കാർ പ്രഖ്യാപിച്ച "സുരക്ഷാ" സ്വയം തൊഴിൽ പദ്ധതിയിൽ 188 തൊഴിലാളികൾ മാത്രമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. |
| (ഡി) | അതു മുഖേന എത്ര തൊഴിലവസരങ്ങൾ കൂടുതലായി സൃഷ്ടിക്കപ്പെട്ടു; അതിൽ തൊഴിൽ നഷ്ടപ്പെട്ട എത്ര പേരെ പുനരധിവസിപ്പിക്കാൻ കഴിഞ്ഞു; വ്യക്തമാക്കുമോ; | | |
| (ഇ) | പുനർ നിയമനം ലഭിക്കാതെ എത്രപേർ ശേഷിക്കുന്നുണ്ടെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ